തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് സ്റ്റേറ്റ് സഹകരണബാങ്കു് 1954 ജനുവരി 28-ാംനു- മുതൽ പ്രവർത്തനം നടത്തുന്നുണ്ടു്.

(ബി) സ്റ്റേറ്റ് സഹകരണബാങ്കു് കൂടാതെ ഡിസ്ട്രിക്റ്റ് ബാങ്കുകളും രൂപീകരിച്ചിട്ടില്ല.

(സി) ഇക്കാര്യം റിസർവ്വ് ബാങ്കുമായി ആലോചിച്ചതിൽ പുതിയ ഡിസ്ട്രിക്റ്റ് ബാങ്കുകൾ ഇപ്പോൾ രൂപീകരിക്കാൻ റിസർവ്വ് ബാങ്ക് അനുകൂലമല്ല. തൽക്കാലം ബാങ്കിന്റെ ശാഖകൾ തുടങ്ങിയാൽ മതിയെന്നാണു് അവരുടെ അഭിപ്രായം.

അടിസ്ഥാന നികുതിപുനരീക്ഷണം.

* 1010. [40] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന നികുതി ഏർപ്പെടുത്തിയതിനു ശേഷം ഇതുവരെയും ഈ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തു നികുതി പുനരീക്ഷിക്കാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണു്;

(സി) പുനരീക്ഷിക്കാതിരുന്നതിനുള്ള കാരണമെന്താണു്?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) അടിസ്ഥാനനികുതി ചുമത്തപ്പെട്ട യാതൊരു പ്രദേശത്തു നിന്നും നികുതി പുനരീക്ഷിക്കാതെ ഇരുന്നിട്ടില്ല. അടിസ്ഥാന നികുതിയിൽ നിന്നും ഒഴിവാക്കുവാൻ അവകാശമുണ്ടെന്നു അപേക്ഷിച്ചിട്ടുള്ള ചില കേസുകളിൽ ഗവണ്മെന്റിന്റെ തീരുമാനംവരെ നടപടികൾ നിറുത്തിവച്ചിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യബന്ധനക്കാർക്കുള്ള സൗജന്യങ്ങൾ

* 1011. [41] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനക്കാർക്കു് വിദ്യാഭ്യാസസൗജന്യങ്ങൾ ഒഴിച്ചുള്ള മറ്റു സൗജന്യങ്ങൾക്കായി 1952-53, 1953-54, 1954-55 എന്നീ കൊല്ലങ്ങളിൽ എത്ര സംഖ്യ ചെലവു ചെയ്തിട്ടുണ്ടു്;

(ബി) ഏതെല്ലാം ഇനങ്ങളിലാണു്;

(സി) വൈപ്പിൻ ദ്വീപിൽ ഈ കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾക്കു് ഇതിൽ നിന്നും എത്ര തുക ചെലവു ചെയ്തിട്ടുണ്ടു്;

(ഡി) വഞ്ചിയും വലയും വാങ്ങുന്നതിനു് ഇവിടത്തെ മത്സ്യത്തൊഴിലാളികൾക്കു് ധനസഹായം ചെയ്യുന്നതിനു് ഭയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1952—'53 50,517 രൂപ
1953—'54 49,386 ,,
1954—'55 57,818 ,,

(ബി) ഇതു് കുറഞ്ഞ നിരക്കിൽ ഉപ്പു വിതരണം നടത്തിയ ഇനത്തിൽ മാത്രമുള്ളതാണു്.

(സി) ഈ ഉപ്പുവിതരണപദ്ധതി തിരുവിതാംകൂർ-കൊച്ചി ഒട്ടാകെ ബാധകമാണു്. എന്നാൽ വൈപ്പിൻകരയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾക്കു് മാത്രമായി എത്ര തുക ചെലവായി എന്നുള്ളതിനു പ്രത്യേകകണക്കുകൾ വച്ചിട്ടില്ല.

(ഡി) മത്സ്യത്തൊഴിലാളി സംഘടനകൾക്കു് വഞ്ചിയും, വലയും വാങ്ങുന്നതിലേയ്ക്കായി കുറഞ്ഞ പലിശയ്ക്കു് പണം കടം കൊടുക്കുവാനും വഞ്ചിയും കട്ടമരവും പണിയുന്നതിനു് സീനിയറേജു് നിരക്കിനു തടി കൊടുക്കുവാനും ഓരോ പദ്ധതികൾക്കും ഗവണ്മെൻറ് നടപ്പിൽ വരുത്തിയിട്ടുണ്ടു്.

പുറമ്പോക്കുകൾ.

* 1012 [42] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൃഷിഭൂമികളായി ഉപയോഗിക്കാവുന്ന സർക്കാർ പുറമ്പോക്കുസ്ഥലങ്ങൾ എത്രയുണ്ടെന്നു സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര ഏക്കർ വീതം;

(സി) ഈ ഭൂമികൾ സഹകരണസംഘങ്ങൾക്കു പതിച്ചുകൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) മാലിപ്പുറം കടൽവെപ്പു ഭൂമികൾ കൃഷിക്കു് ഉപയുക്തമാക്കാതെ ഇട്ടിരിക്കുന്നതെന്തുകൊണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൃഷിഭൂമികളായി ഉപയോഗിക്കാവുന്ന സർക്കാർ പുറമ്പോക്കുസ്ഥലങ്ങൾ എത്രയുണ്ടെന്നു സർവ്വെ നടത്തിയിട്ടില്ല.

(ബി) (എ)-യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) (എ)-യിൽ വിവരിക്കുന്ന പ്രകാരമുള്ള ഭൂമി ഉണ്ടോ എന്നു് തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മാലിപ്പുറത്തു കടൽവെപ്പു ഭൂമികൾ അനധികൃതമായി ധാരാളം ആളുകൾ കൈവശം വച്ചിരിക്കുന്നതുകൊണ്ടു് ഈ സ്ഥലം കൃഷിക്കായി സർക്കാരിൽനിന്നും പാട്ടത്തിനോ മറ്റോ കൊടുക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly